**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് ശ്രീമതി ഇന്ദു കെ. ഡി. ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.897/2026/LSGD തീയതി,തിരുവനന്തപുരം, 21-04-2026

---

പരാമർശം:-
1. സ.ഉ.(പി) നം. 102/2017/ധന., തീയതി 07.08.2017.
2. ശ്രീമതി ഇന്ദു കെ.ഡി. യുടെ 10.12.2025 ലെ അപേക്ഷ.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.03.2026 ലെ LSGD/PD/8180/2026-DEB2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി ഇന്ദു കെ.ഡി. 09.12.2025-ന് ഉച്ചക്ക് 1.20 ന് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ കൊരട്ടി ഗ്രാമപഞ്ചായത്ത് ഓഫീസ് വരാന്തയിൽ വീഴുകയും ഇടതുകാലിന് പൊട്ടൽ സംഭവിക്കുകയും ഡോക്ടർ മൂന്ന് മാസത്തെ വിശ്രമം ആവശ്യമാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിരുന്നതിനാൽ ഡ്യൂട്ടിക്കിടയിൽ സംഭവിച്ച അപകടമായതിനാൽ കെ.എസ്.ആർ ഭാഗം 1, ചട്ടം 97 പ്രകാരം 09.12.2025 മുതൽ 08.03.2026 വരെ പ്രത്യേക അവശതാവധി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2) ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും പരാമർശം (1) സർക്കാർ ഉത്തരവിന്റേയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി ഇന്ദു കെ.ഡി. ക്ക് കെ.എസ്.ആർ ഭാഗം 1, ചട്ടം 98 പ്രകാരം 09.12.2025 മുതൽ 08.03.2026 വരെ 90 ദിവസത്തെ പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി ഇന്ദു കെ.ഡി., ജൂനിയർ സൂപ്രണ്ട്, കൊരട്ടി ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ. *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.

4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (ഫയൽ നം. EPBI/81/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 21-04-2026 11:46:29

സെക്ഷൻ ഓഫീസർ